**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3949** **06-08-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലോരത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പദ്ധതി നിർവ്വഹണത്തിന് അടിയന്തിരമായി അനുവദിച്ച 200 കോടി രൂപയിൽ 161,62,29,675/- (നൂറ്റി അറുപത്തി ഒന്ന് കോടി അറുപത്തി രണ്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അറുനൂറ്റി എഴുപത്തി അഞ്ച് രൂപ ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി ആകെ 258 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളിൽ ആകെ 18 കുടുംബങ്ങൾ മാത്രമാണ് നിലവിൽ 50 മീറ്ററിനുള്ളിൽ നിന്നും മാറിതാമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ളത്. ഇതിൽ ഒരു കുടുംബത്തെ പുനരധിവസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ